# Inaugural Meeting of the IBSA National Security Advisers

August 25, 2021

---

**IBSA ദേശീയ സുരക്ഷാ ഉപദേഷ്ടാക്കളുടെ ഉദ്ഘാടന സമ്മേളനം**

ഓഗസ്റ്റ് 25, 2021

1. 2021 ഓഗസ്റ്റ് 25 ന്, ദേശീയ സുരക്ഷാ ഉപദേഷ്ടാവായ ശ്രീ അജിത് ഡോവൽ, IBSA ദേശീയ സുരക്ഷാ ഉപദേഷ്ടാക്കളുടെ ഉദ്ഘാടന സമ്മേളനത്തിൽ വിർചൽ രീതിയിൽ ആതിഥേയത്വം വഹിച്ചു .

2. ഇന്ത്യയുടെ IBSA അധ്യക്ഷത കാലയളവിൽ നടക്കാനിരിക്കുന്ന അടുത്ത IBSA നേതൃത്വ ഉച്ചകോടിക്കുള്ള തയ്യാറെടുപ്പിന്റെ ഭാഗമായാണ് യോഗം ചേർന്നത്. പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള ഇന്ത്യയുടെ അധ്യക്ഷസ്ഥാനം "ഡെമോക്രസി ഫോർ ഡെമോഗ്രഫി ആൻഡ് ഡെവലപ്മെന്റ്" എന്നാ വിഷയത്തിലൂന്നിയായിരിക്കും.IBSA രാജ്യങ്ങളിലെ ദേശീയ സുരക്ഷാ ഉപദേഷ്ടാക്കളുടെ ആദ്യ കൂടിക്കാഴ്ചയാണ്,ആഗോളതലത്തിൽ വർദ്ധിച്ചുവരുന്ന രാഷ്ട്രീയ, സുരക്ഷാ വെല്ലുവിളികൾ നേരിടുന്നതിന് മൂന്ന് രാജ്യങ്ങളും തമ്മിലുള്ള അടുത്ത സഹകരണത്തിന്റെ പ്രാധാന്യത്തെ ഇത് പ്രതിഫലിപ്പിക്കുന്നു.

3. Iഇന്ത്യ, ബ്രസീൽ, ദക്ഷിണാഫ്രിക്ക എന്നിവ ജനാധിപത്യത്തിന്റെയും ബഹുസ്വരതയുടെയും പൊതു മൂല്യങ്ങളാൽ ബന്ധിതമായി മൂന്ന് വ്യത്യസ്ത ഭൂഖണ്ഡങ്ങളിൽ സ്ഥിതി ചെയ്യുന്ന വലിയ വികസ്വര രാജ്യങ്ങളാണ് .ഇവയെല്ലാം സമുദ്ര രാഷ്ട്രങ്ങൾക്കൂടിയാണ്.

4. സമ്മേളനത്തിൽ, സമുദ്ര സുരക്ഷ, തീവ്രവാദപ്രതിരോധം, അന്തർദേശീയ സംഘടിത കുറ്റകൃത്യങ്ങൾ, സൈബർ സുരക്ഷ എന്നിവയെക്കുറിച്ച് ചർച്ചകൾ നടന്നു. തീവ്രവാദം, പ്രത്യേകിച്ചും, രാജ്യങ്ങളുടെ സ്പോൺസർഷിപ്പിലൂടെയുള്ള അതിർത്തി കടന്നുള്ള ഭീകരത, ആഗോള സമാധാനത്തിനും സുരക്ഷയ്ക്കും ഏറ്റവും ശക്തമായ ഭീഷണിയായി തുടരുകയാണെന്നും എകൊപിതമായ ശ്രമങ്ങളിലൂടെ പ്രതിരോധിക്കേണ്ടതാണെന്നും പങ്കെടുത്തവർ സമ്മതിച്ചു. വിവരങ്ങൾ പങ്കുവയ്ക്കുന്നതിലെ സഹകരണം, ബന്ധപ്പെട്ട ദേശീയ ഏജൻസികൾക്കിടയിലെ മികച്ച സമ്പ്രദായങ്ങളുടെ കൈമാറ്റം, ശേഷിവികസനം എന്നിവയിലെ സഹകരണം വർദ്ധിപ്പിക്കുന്നതിനും അവർ അനുകൂലിച്ചു

5. സമുദ്ര സുരക്ഷ ഭാവി സഹകരണത്തിന്റെ ഒരു പ്രധാന മേഖലയായി തിരിച്ചറിഞ്ഞിട്ടുണ്ട്. കടൽക്കൊള്ളയും മയക്കുമരുന്നും മനുഷ്യക്കടത്തും ചെറുക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആശയവിനിമയത്തിന്റെയും ഊർജ്ജത്തിന്റെയും കടൽ മാർഗങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും മത്സ്യബന്ധനം ഉൾപ്പെടെയുള്ള സമുദ്ര വിഭവങ്ങളുടെ സുസ്ഥിരമായ ഉപഭോഗം ഉറപ്പുവരുത്തുന്നതിനും ധാരണയായി. ത്രിരാഷ്ട്ര 'IBSAMAR' മാരിടൈം എക്സർസൈസിന്റെ അടുത്ത ഘട്ടം എത്രയും വേഗം നടത്തുന്നതാണ്.2022 -ൽ മിലൻ നാവിക അഭ്യാസത്തിനായി ഇന്ത്യ ബ്രസീലിനെയും ദക്ഷിണാഫ്രിക്കയെയും ക്ഷണിച്ചു. ഓരോ രാജ്യത്തിന്റെയും അതത് ശക്തികളെ അടിസ്ഥാനമാക്കിയുള്ള പ്രതിരോധ വ്യവസായങ്ങൾ തമ്മിലുള്ള സഹകരണം, നാവിക പ്ലാറ്റ്ഫോമുകൾ ഉൾപ്പെടെയുള്ള പ്ലാറ്റ്ഫോമുകളുടെ സംയുക്ത വികസനത്തിനുള്ള വിഭവങ്ങളുടെ ശേഖരണം എന്നിവ ഇന്ത്യ നിർദ്ദേശിച്ചു.

7. സൈബർ സുരക്ഷയിൽ പ്രായോഗിക സഹകരണം വർധിപ്പിക്കാൻ മൂന്ന് രാജ്യങ്ങളുടെ പ്രതിനിധികളും സമ്മതിക്കുകയും സൈബർ സുരക്ഷയെക്കുറിച്ച് ഒരു വിദഗ്ദ്ധ ഗ്രൂപ്പ് മീറ്റിംഗ് സംഘടിപ്പിക്കാനുള്ള ഇന്ത്യയുടെ വാഗ്ദാനം അംഗീകരിക്കുകയും ചെയ്തു. സൈബർ, ഐസിടി വിഷയങ്ങളിൽ ഐക്യരാഷ്ട്ര സഭയ്ക്കുള്ള ഏകോപനം കൂടുതൽ ശക്തിപ്പെടുത്താനും അവർ സമ്മതിച്ചു.

**ന്യൂ ഡെൽഹി**

**ഓഗസ്റ്റ് 25, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.